# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3436 19.10.2016 - ൽ മറുപടിയ്ക്ക്

### ഡാമുകളുടെ സുരക്ഷാ പരിശോധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോർജ് എം. തോമസ്<br>ശ്രീ. കെ. ബാബു<br>ശ്രീ. വി. അബ്ദുറഹിമാൻ<br>ശ്രീ. ഐ.ബി. സതീഷ് | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ഡാമുകളുടെ സുരക്ഷാ പരിശോധന നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്തെ ഡാമുകളുടെ സുരക്ഷാ പരിശോധന ഡാം സേഫ്റ്റി ഓർഗനൈസേഷന്റെ നേതൃത്വത്തിൽ എല്ലാ വർഷവും മഴക്കാലത്തിനു മുൻപും മഴക്കാലത്തിനു ശേഷവും നടത്തി വരുന്നു. കൂടാതെ ജലസേചന വകുപ്പിനു കീഴിൽ ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്റെ (DRIP) -ന്റെ ഭാഗമായി രൂപീകരിച്ച ഡാം സേഫ്റ്റി റിവ്യൂ പാനലും ഡാമുകളുടെ സുരക്ഷാ പരിശോധന നടത്തിയിരുന്നു. ഇതിന്റെ ഭാഗമായി സുരക്ഷ ഉറപ്പാക്കാൻ ആവശ്യമായ പദ്ധതികൾ നടത്തിവരുന്നു.<br>സംസ്ഥാനത്തെ അണക്കെട്ടുകളുടെ സംരക്ഷണവും സുരക്ഷയും ഉറപ്പാക്കുന്നതിലേക്കായി കേരള ഡാം സുരക്ഷ അതോറിറ്റി (Kerala Dam Safety Authority) രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനാതിർത്തിക്കുള്ളിൽ (മുല്ലപ്പെരിയാർ ഡാം ഒഴികെ) സ്ഥിതി ചെയ്യുന്ന അണക്കെട്ടുകളുടെ സുരക്ഷ വിലയിരുത്തുക, പരിശോധനകൾ നടത്തുക, സംരക്ഷണത്തിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, അണക്കെട്ടുകളുടെ സംരക്ഷണത്തിനും സുരക്ഷയ്ക്കും ആവശ്യമായ മുൻകരുതലുകൾ എടുക്കുവാൻ നിർദ്ദേശങ്ങൾ നൽകുക എന്നീ ചുമതലകൾ ഡാം സുരക്ഷ അതോറിറ്റി നിർവ്വഹിച്ചു വരുന്നു. |
| (ബി) വിവിധ പ്രദേശങ്ങളിലായി ചെക്ക് ഡാമുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ചെക്കു ഡാമുകളുടെ പണിയാണ് പൂർത്തീകരിയ്ക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യകതമാക്കാമോ ; | (ബി) ഉണ്ട്. കഴിഞ്ഞ അഞ്ചുവർഷക്കാലമായി സംസ്ഥാനത്തെ തടയണകളുടെ നിർമ്മാണത്തിന് വിവിധ പദ്ധതികളിലായി (നബാർഡ് പദ്ധതി, ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ, പ്ലാൻസ്കീം, സ്റ്റേറ്റ് ഫണ്ട്, കാസർഗോഡ് പാക്കേജ്) ഏകദേശം 480 തടയണകൾ നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചതിൽ 315 എണ്ണം പൂർത്തിയായിട്ടുണ്ട്. 7 തടയണകളുടെ പ്രവൃത്തികൾ റദ്ദാക്കിയിട്ടുണ്ട്. ബാക്കിയുള്ളവയുടെ പ്രവൃത്തികൾ പുരോഗതിയിലാണ്. |

| | |
|---|---|
| (സി) ജലസേചന വകുപ്പിന്റെ കീഴിലുള്ള ഡാമുകളിലെ ജലത്തിന്റെ അളവും മറ്റും ഓൺലൈൻ ആയി അറിയിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ യെന്ന് അറിയിക്കുമോ ? | (സി) ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. www.idrb.kerala.gov.in എന്ന IDRB-യുടെ web site- ൽ വിവരങ്ങൾ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ